# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 56** **10.03.2015- ൽ മറുപടിക്ക്**

## വ്യാജ കൈത്തറി ഉല്പന്നങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.തിലോത്തമൻ<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.വി.ശശി<br>ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പവർലൂമിൽ നെയ്ത തുണിത്തരങ്ങൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവന്ന് വ്യാജ കൈത്തറി ഉല്പന്നങ്ങളായി സംസ്ഥാനത്ത് വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വ്യാജ കൈത്തറി ഉല്പന്നങ്ങൾ കണ്ടുപിടിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കൈത്തറി സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് കൈത്തറി മാർക്ക് നിർബന്ധമാക്കിയിട്ടുണ്ട്. |
| (സി) കൈത്തറി എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ;ഈ വിഭാഗത്തിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (സി) | ഉണ്ട്. 1985 ലെ കൈത്തറി (ഉൽപാദനത്തിനുള്ള ഇനങ്ങളുടെ സംവരണം) നിയമപ്രകാരം കൈത്തറിയിൽ മാത്രം ഉൽപാദിപ്പിക്കുന്ന 11 ഇനങ്ങൾ സംസ്ഥാനത്തിലെ പവർലൂം യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്നത് തടയുക, പരിശോധന നടത്തി നിയമ വിരുദ്ധമെന്ന് കണ്ടാൽ അവർക്കെതിരെ നടപടി സ്വീകരിക്കുക എന്നതാണ് കൈത്തറി എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ചുമതലകൾ. |

(ഡി) വിപണിയിൽ പരിശോധന നടത്തി വ്യാജനെ കണ്ടെത്തുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

(ഡി) ഇല്ല. ഹാന്റ്ലൂം റിസർവേഷൻ ആക്ട് 1985 പ്രകാരം വ്യാജ കൈത്തറി വിപണനം തടയുന്നതിനുള്ള അധികാരം എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നൽകിയിട്ടില്ല. എന്നാൽ വ്യാജ കൈത്തറി ഉൽപന്നങ്ങൾ വിപണനം നടത്തുന്നതായി ശ്രദ്ധയിൽപെട്ടാൽ സഹകരണ സംഘം നിയമമനുസരിച്ച് അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

5-56
10/03/15

## വിശദീകരണ കുറിപ്പ്

തിരുവനന്തപുരം ജില്ലയിൽ ബാലരാമപുരം മേഖലയിൽ സ്വകാര്യ വസ്ത്രസ്ഥാപനങ്ങളിൽ തദ്ദേശ കൈത്തറി ഉൽപ്പന്നങ്ങളോടൊപ്പം പവർലൂം ഉൽപന്നങ്ങളും വിൽപന നടത്തുന്നുണ്ടെന്ന് മനസ്സിലാക്കാൻ കഴിയുന്നു. പവ്വർലൂം ഉൽപന്നങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളും ബാലരാമപുരം കൈത്തറി എന്ന ബോർഡ് പ്രദർശിപ്പിക്കുന്നുണ്ട്. കൈത്തറി സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് കൈത്തറി മാർക്ക് നിർബന്ധമാക്കിയിട്ടുണ്ട്. വിവിധ ദൃശ്യ മാധ്യമങ്ങളിലൂടെ കൈത്തറി പവർലൂം ഉൽപന്നങ്ങളുടെ വ്യത്യാസത്തെയും കൈത്തറി ഉൽപന്നങ്ങളുടെ സവിശേഷത കളെക്കുറിച്ച് തുടർച്ചയായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി ഉപഭോക്താക്കൾക്ക് ബോധവത്ക്കരണം നടത്തുന്നുണ്ട്. കൂടാതെ, കോളേജ് തലത്തിൽ സെമിനാറുകൾ നടത്തിവരുന്നു. 1985 ലെ കൈത്തറി (ഉൽപാദനത്തിനുള്ള ഇനങ്ങളുടെ സംവരണം) നിയമപ്രകാരം കൈത്തറിയിൽ മാത്രം ഉൽപാദിപ്പിക്കാവുന്ന 11 ഇനങ്ങൾ സംസ്ഥാനത്തിലെ പവർലൂം യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്നത് തടയുന്നതിനായി എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഹാന്റ്ലൂം റിസർവേഷൻ ആക്ട് 1985 പ്രകാരം വിപണിയിലെ വ്യാജ കൈത്തറി വിപണനം തടയുന്നതിനുള്ള അധികാരം എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നൽകിയിട്ടില്ല. എന്നിരുന്നാലും, കൈത്തറി സംഘങ്ങൾ ഇപ്രകാരം വ്യാജ കൈത്തറി ഉൽപന്നങ്ങൾ വിപണനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ സഹകരണ സംഘം നിയമമനുസരിച്ച് അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(signature)